# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 സെപ്റ്റംബർ 03 ചൊവ്വ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## Web:www.prd.kerala.gov.in.Email.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### കരട് വോട്ടർപ്പട്ടിക ഒക്ടോബർ 15 ന്
## വോട്ടർപ്പട്ടികയിൽ പരമാവധി പേരെ ഉൾപ്പെടുത്തും: ജില്ലാ തിരഞ്ഞെടുപ്പു വിഭാഗം

വോട്ടർപ്പട്ടിക പരമാവധി പേരെ ഉൾപ്പെടുത്തി സുതാര്യവും കുറ്റമറ്റതുമാക്കി പുറത്തിറക്കുന്നതിന്റെ ഭാഗമായി രാഷ്ട്രീയ പാർട്ടികളുടെയും ഇആർഒ, എഇആർഒമാരുടെയും യോഗം ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ അധ്യക്ഷതയിൽ ചേർന്നു. ജില്ലാ തെരഞ്ഞെടുപ്പ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിലായിരുന്നു യോഗം വിളിച്ചു ചേർത്തത്. പതിവു പുതുക്കൽ പ്രക്രിയയിൽ നിന്ന് വ്യത്യസ്തമായി പരമാവധി വോട്ടർമാരെ ചേർക്കുകയും നിലവിലുള്ള പട്ടികയിലെ തെറ്റുകൾ പരിഹരിക്കുകയും ചെയ്യും. ഇതിനു മുന്നോടിയായി ഇലക്ഷൻ വെരിഫിക്കേഷൻ പ്രോഗ്രാം സംഘടിപ്പിക്കും. ഇതുപ്രകാരം ഓരോ വോട്ടർമാർക്കും തന്റെ പേര് വോട്ടർപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടോ എന്നും പരിശേധിക്കാനാവും. ബി എൽ ഒമാർ വീട് തോറും സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിക്കുകയും ചെയ്യും. 2020 ജനുവരി ഒന്നിന് 18 വയസ്സാകുന്നവരെ വോട്ടർപ്പട്ടികയിൽ ഉൾപ്പെടുത്തും. ലോക്സഭ തിരഞ്ഞെടുപ്പിൽ അർഹരായവർ വോട്ടർപ്പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ പുന: സ്ഥാപിക്കുന്നതിന് എല്ലാവിധ നടപടികളും സ്വീകരിക്കും.

ജില്ലയിലെ കരട് വോട്ടർപ്പട്ടിക ഒക്ടോബർ 15 ന് പ്രസിദ്ധീകരിക്കും. പരാതികളും ആക്ഷേപങ്ങളുമുണ്ടെങ്കിൽ ഒക്ടോബർ 15 മുതൽ നവംബർ 30 വരെ ഉന്നയിക്കാം. നവംബർ 2, 3, 9, 10 തിയതികളിൽ സ്പെഷൽ ക്യാംപെയ്ൻ നടത്തും. ഡിസംബർ 15 ന് വോട്ടർപ്പട്ടികയിലെ പരാതികൾ തീർപ്പാക്കും. ഡിസംബർ 25 ന് പരിശോധനയും പട്ടിക പ്രസിദ്ധീകരിക്കാൻ കമ്മീഷന്റെ അനുമതി തേടലും നടത്തും. ഡിസംബർ 31 ന് വിവരങ്ങൾ അപ്ലോഡ് ചെയ്യും. തുടർന്ന് 2020 ജനുവരി ഒന്നിന് അന്തിമ വോട്ടർപ്പട്ടിക പ്രസിദ്ധീകരിക്കും. എല്ലാ ബൂത്തിലും ബൂത്ത് ലെവൽ ഏജന്റുമാരെ നിയോഗിച്ച് ബി എൽ ഒമാരുമായി സഹകരിച്ച് പ്രവർത്തിക്കാൻ യോഗത്തിൽ പങ്കെടുത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. പാർട്ടി പ്രവർത്തകർ കൂട്ടത്തോടെ അപേക്ഷകൾ സമാഹരിച്ചു കൊണ്ടുവരരുത്. ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ പാർട്ടി പ്രതിനിധികൾ വേണ്ട നിർദേശങ്ങൾ നൽകണം. നിലവിൽ 1500ൽ അധികം വോട്ടർമാരുള്ള ബൂത്തുകൾ വേർതിരിക്കാനും അസൗകര്യമുള്ളതും പരാതിയുള്ളതുമായ ബൂത്തുകൾ മാറ്റുന്നതിനും നിർദേശമുള്ളതിനാൽ ഇതിനായി രാഷ്ട്രീയ പാർട്ടികൾ തഹസിൽദാർമാർക്ക് ആവശ്യമായ പിന്തുണയും നൽകണം. നിലവിലുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവ എത്രയും വേഗം പൂർത്തിയാക്കണമെന്ന് ജില്ലാ കളക്ടർ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോട് നിർദേശിച്ചു. വോട്ടർപ്പട്ടികയിൽ പേര് ചേർക്കാൻ താഴെ പറയുന്ന മാർഗങ്ങൾ തേടാം. അപേക്ഷ അക്ഷയ കേന്ദ്രം വഴി നൽകാം, NVSP (www.nvsp.in) പോർട്ടലിലും Voters helpline ആപ്പു വഴിയും അപേക്ഷിക്കാം. പേര്, ജനന തിയതി, വിലാസം തെളിയിക്കുന്ന രേഖകൾ എന്നിവയാണ് പുതുതായി പേര് ചേർക്കാനുള്ള രേഖകൾ. യോഗത്തിൽ തിരഞ്ഞെടുപ്പു വഭാഗം ഡെപ്യൂട്ടി കളക്ടർ കെ വി മുരളീധരൻ, തഹസിൽദാർമാർ, ഡെപ്യൂട്ടി തഹസിൽദാർമാർ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ഒല്ലൂർ നിയോജകമണ്ഡലം
# കിഫ്ബി പദ്ധതി അവലോകനം നടന്നു

ഒല്ലൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതി പ്രവർത്തനങ്ങളുടെ അവലോകന യോഗം ചീഫ് വിപ് അഡ്വ കെ രാജന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി പ്രധാനമായും 6 പദ്ധതികളാണ് നടന്നുകൊണ്ടിരിക്കുന്നത്. മണലിപ്പുഴക്ക് കുറുകെയുള്ള ശ്രീധരി പാലം പണി അടിയന്തിരമായി തീർക്കുന്നതിനും സാമൂഹ്യ ആഘാത പഠനം നടത്തി ഫോർവൺ പ്രസിദ്ധീകരണം തയ്യാറാക്കി സമർപ്പിക്കാനും സ്ഥലത്തെ വിസ്തീർണ വ്യത്യാസം പരിശോധിക്കാനും ലാൻഡ് അക്യുസിഷൻ ഓഫീസർക്ക് അടിയന്തിര നിർദേശം നൽകി.

നെടുപുഴ റെയിൽവേ ഓവർബ്രിഡ്ജ് മേൽപാലത്തിന്റെ ചില അല്ലൈൻമെന്റിൽ ഭൂവുടമകളുടെ പരാതിയുള്ളതിനാൽ സെപ്റ്റംബർ ആറിന് ബന്ധപ്പെട്ട വകുപ്പുകളുടെ അടിയന്തിര സംയുക്ത പരിശോധന നടത്താൻ നിർദേശം നൽകി. പുത്തൂർ സുവോളജിക്കൽ പാർക്ക് സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ചു പ്രസിദ്ധപ്പെടുത്തുവാനും ഇതിനോടൊപ്പം പുത്തൂർ ജംഗ്ഷൻ വികസനം സംയുക്ത പരിശോധന നടത്താൻ ലാൻഡ് അക്യൂസിഷൻ ഓഫീസർക്കും പി ഡബ്ലിയു ഡി ക്കും നിർദേശം നൽകി.

പീച്ചി-വാഴാനി ടൂറിസം കോറിഡോർ റോഡ് പണിക്കു ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. സർവ്വേ നടപടികൾ ആരംഭിച്ചു. പുനരധിവാസത്തിന് സാധ്യത പരിശോധിച്ചു സെപ്റ്റംബർ എഴിനകം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി ഒഴുപ്പിക്കുന്നതുമായി ബന്ധപെട്ടു തുടർനടപടികൾ സ്വീകരിക്കുവാനും മണ്ണുത്തി എടക്കുന്നി റോഡ് നിർമാണത്തിന് തടസ്സമായി പത്തൊൻപതോളം (19) വീടുകളുള്ളതിനാൽ റോഡ് വികസനത്തിന് ആവശ്യമുള്ള സ്ഥലമെടുത്തു പുനരധിവാസം ആവശ്യമെങ്കിൽ കോർപറേഷൻ ഇടപെട്ടു പുനരധിവാസം സാധ്യമാക്കണമെന്നും സർവ്വേ നടപടികൾ പൂർത്തീകരിച്ച കണ്ണാറ-മൂർക്കനിക്കര റോഡ് പദ്ധതി നടപടികൾ എളുപ്പത്തിൽ തീർക്കാനും ഓണത്തിന് മുൻപുതന്നെ സംയുക്തപരിശോധനകൾ നടത്തി വകുപ്പുകളുടെ പ്രവർത്തനം ദ്രുതഗതിയിലാക്കാനും ചീഫ് വിപ് അഡ്വ. കെ രാജൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന പദ്ധതി പ്രവർത്തന അവലോകനയോഗത്തിൽ കോർപറേഷൻ മേയർ അജിതവിജയൻ, ലാൻഡ് അക്യുസിഷൻ ഡെപ്യൂട്ടി കളക്ടർ എം ബി ഗിരീഷ്, സോഷ്യൽ ഫോറസ്റ്റ് ഓഫീസർ ആൻഡ് പുത്തൂർ സോവോളജിക്കൽ പാർക്ക് സ്പെഷ്യൽ ഓഫീസർ ദീപ, തൃശൂർ തഹസിൽദാർ ഐ എ സുരേഷ്, പദ്ധതി പ്രദേശത്തെ ബ്ലോക്ക്, പഞ്ചായത്തു പ്രതിനിധികൾ, നിർവഹണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ഓണത്തിരക്ക്: നഗരത്തിൽ
# ഗതാഗത പരിഷ്ക്കാരം

തൃശൂർ നഗരത്തിൽ ഗതാഗത തിരക്കൊഴിവാക്കാൻ അടിയന്തിര ട്രാഫിക് പരിഷ്കാരം വരുത്താൻ റോഡ് സുരക്ഷാ സമിതി യോഗത്തിൽ തീരുമാനമായി. കൊടുങ്ങല്ലൂർ, ഒല്ലൂർ ഭാഗത്തു നിന്നും നഗരത്തിലെത്തുന്ന ബസുകൾക്കാണ് ഓണക്കാലത്തെ തിരക്കൊഴിവാക്കാൻ ട്രാഫിക് നിയന്ത്രണം ഏർപ്പെടുത്തുക. ഇരുഭാഗത്തു നിന്നും വരുന്ന സ്വകാര്യ, കെ എസ് ആർ ടി സി ബസുകൾ നിലവിൽ ഏറെ ദൂരം വളഞ്ഞാണ് ബസ് സ്റ്റാൻഡുകളിൽ പ്രവേശിപ്പിക്കുന്നത്. ഒല്ലൂർ ഭാഗത്തു നിന്നു വരുന്ന ബസുകൾ ഹൈറോഡ് വഴി സ്വരാജ് റൗണ്ടിലേക്കും കൊടുങ്ങല്ലൂർ ഭാഗത്തുനിന്നു വരുന്ന ബസുകൾ കെ എസ് ആർ ടി സി, ദിവാൻജിമൂല വഴി കയറാതെ നേരെ കുറുപ്പം റോഡിലേക്കും തിരിച്ചു വിടാനാണ് ധാരണ. അന്തിമ രൂപരേഖ രണ്ടുദിവസത്തിനകം ഉണ്ടാകും. തുടർന്നാണ് ട്രാഫിക് പരിഷ്കാരം നടത്തുകയെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു.

നഗരത്തിൽ ഓടുന്ന ഓട്ടോറിക്ഷകളുടെ അനധികൃത പാർക്കിങ് നിർത്തലാക്കും. കെ എസ് ആർ ടി സി സ്റ്റാൻഡിനു ചുറ്റുമുള്ള ഓട്ടോപാർക്ക് നിർത്തലാക്കാനും തീരുമാനമായി. ഇവിടെ പൂൾ പാർക്കിങ് സംവിധാനം നടപ്പിലാക്കാനും ആലോചനയുണ്ട്. നഗരത്തിൽ തിരക്കുള്ള സ്ഥലങ്ങളിൽ മാഞ്ഞുപോയ സീബ്രാലൈനുകൾ അടിയന്തിരമായി വരക്കാൻ നിർദേശം നൽകി. പുതു

ക്കാട് കെ എസ് ആർ ടി സി ബസ് സ്റ്റാൻഡിലേക്ക് ബസുകൾ കയറി ഇറങ്ങുന്ന സമ്പ്രദായം അവസാനിപ്പിക്കും. ഇവിടെ വർധിച്ചു വരുന്ന അപകടങ്ങൾ കുറയ്ക്കാൻ ബസ് സ്റ്റാൻഡിനു മുൻവശത്ത് ബസ് ബൈ അനുവദിക്കും.

പൂങ്കുന്നത്തെ സിഗ്നൽ ലൈറ്റ് മാറ്റി സ്ഥാപിക്കും. നഗരത്തിൽ റോഡുകൾക്കു വളരെ അടുത്തായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാനും യോഗത്തിൽ തീരുമാനമായി. സിറ്റി പോലീസ് മേധാവി ജി എച്ച് യതീഷ് ചന്ദ്ര, ആർ ടി ഒ ആർ. രാജീവ്, ജോയിന്റ് ആർ ടി ഒ ബി. ശ്രീപ്രകാശ് തുടങ്ങിയവർ പങ്കെടുത്തു.

## ഉപതിരഞ്ഞെടുപ്പ്:
## 71.5 ശതമാനം പോളിങ്

കുഴൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ 71.5 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. ആകെയുള്ള 1074 വോട്ടർമാരിൽ 769 പേർ വോട്ട് രേഖപ്പെടുത്തി.

## 'ദേ, മാവേലിക്കൊരു കത്ത്'
## കത്തെഴുതൽ മത്സരം

ഓണം ആഘോഷങ്ങളോടനുബന്ധിച്ച് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി 'കത്തെഴുതൽ' മത്സരം സംഘടിപ്പിക്കുന്നു. ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാർത്ഥികളെ ഒരു വിഭാഗമായും (ജൂനിയർ) 17 വയസ്സിന് മുകളിലുള്ള മറ്റുള്ളവരെ (ജനറൽ) മറ്റൊരുവിഭാഗമായും പരിഗണിച്ചാണ് മത്സരം സംഘടിപ്പിക്കുക. 2018 ലെ മഹാപ്രളയം കണ്ട് സങ്കടത്തോടെ മടങ്ങിയ മാവേലിക്ക് അതിജീവനത്തിന്റേയും വീണ്ടെടുപ്പിന്റേയും സംസ്ഥാന സർക്കാർ നടപ്പാക്കിയ നവകേരള നിർമ്മാണ പദ്ധതികളുടേയും വിജയകഥ എഴുതി അറിയിക്കുന്നതായിരിക്കണം കത്തിന്റെ പ്രമേയം. കേരള പുനർനിർമ്മാണത്തിന്റെ ഭാഗമായുള്ള പദ്ധതികൾ സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കത്തിൽ വിശദീകരിക്കണം. ഓരോ വിഭാഗത്തിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് സമ്മാനങ്ങൾ നൽകും. അഞ്ഞൂറ് വാക്കുകളിൽ കവിയരുത്. എൻട്രികൾ സെപ്റ്റംബർ 20 നകം ജില്ലാ ഇൻഫർമേഷൻ ഓഫീസർ, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ പി ഒ, തൃശൂർ 680 003 എന്ന വിലാസത്തിൽ അയ്ക്കണം.

## ഓണച്ചന്ത തുടങ്ങി

സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന സംഘടിപ്പിക്കുന്ന ഓണച്ചന്ത കളക്ടറേറ്റ് അങ്കണത്തിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡന്റ് പി സുനീഷ് അധ്യക്ഷത വഹിച്ചു. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ടി കെ സതീഷ് കുമാർ ആദ്യ വിൽപ്പന നടത്തി. എഡിഎം റെജി പി ജോസഫ് മുഖ്യാതിഥിയായി. ഓണത്തോടനുബന്ധിച്ചു രാവിലെ പത്തു മുതൽ വൈകീട്ട് ആറ് വരെ വിൽപ്പന ഉണ്ടായിരിക്കും. ഡെപ്യൂട്ടി കളക്ടർ എം ബി ഗിരീഷ്, ഹുസൂർ ശിരസ്തദാർ കെ ജി പ്രാൺസിംഗ്, ഭരണ സമിതി അംഗം ടി എസ് സുരേഷ് തുടങ്ങിയവർ പങ്കെടുത്തു. 690 രൂപയുള്ള ഓണകിറ്റിൽ 15 ഇനങ്ങളായ അരി 5 കിലോ, പച്ചരി 2 കിലോ, പഞ്ചസാര 1 കിലോ, ചെറുപയർ അരകിലോ, വൻകടല അരകിലോ, ഉഴുന്ന് അരകിലോ, വെളിച്ചെണ്ണ ഒരു ലിറ്റർ, തൂവപരിപ്പ് അരികിലോ, മുളക് പൊടി 250 ഗ്രാം, മല്ലി പൊടി 250 ഗ്രാം, പുളി 250 ഗ്രാം, ശർക്കര അരകിലോ, വറുത്ത റവ ഒരു കിലോ, മഞ്ഞൾപൊടി 100 ഗ്രാം, ആട്ട ഒരു കിലോ എന്നിവയടങ്ങിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങുവാൻ റേഷൻകാർഡ് കൊണ്ടുവരണം.

## പരാതിയുണ്ടെങ്കിൽ അറിയിക്കണം

തൃശൂർ ലീഗൽ മെട്രോളജി വകുപ്പ് ഓണകാലത്ത് വിപണികളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾ ഉപഭോക്താക്കൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും എണ്ണത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഉപഭോക്തൃ ചൂഷണം തടയുന്നതിനുമായി സെപ്റ്റംബർ 4 മുതൽ 10 വരെ രണ്ട് പരിശോധന സക്വാഡുകൾ മിന്നൽ പരിശോധന നടത്തും. അളവിലും തൂക്കത്തിലും കുറച്ച്

വിൽപന നടത്തുക, നിയമാനുസൃത രേഖപ്പെടുത്തലുകൾ ഇല്ലാത്ത പായ്ക്കറ്റുകൾ വിൽപന യ്ക്കായി പ്രദർശിപ്പിക്കുക, പായ്ക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ വില ഈടാക്കുക, കൃത്യത ഇല്ലാത്ത അളവ്-തൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുക തുടങ്ങിയ കുറ്റകൃ ത്യങ്ങൾക്കെതിരെ ഉപഭോക്താക്കൾക്ക് പരാതി അസിസ്റ്റന്റ് കൺട്രോളർ ലീഗൽ മെട്രോളജി കാര്യാ ലയത്തിൽ അറിയിക്കാം. കൺട്രോൾ റൂമിൽ 0487-2363612, 2363615 എന്ന ഫോൺ നമ്പർ മുഖേ നയും actsr.lmd@kerala.gov.in എന്ന ഇ-മെയിൽ മുഖനേയും പരാതി അറിയിക്കാം.

## വ്യവസായ സംരംഭകത്വ പരിശീലനം: അപേക്ഷ ക്ഷണിച്ചു

തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി നട ത്തുന്ന എന്റർപ്രെണർഷിപ്പ് ഡവലപ്പ്മെന്റ് പ്രോഗ്രാം 2019-ൽ അപേക്ഷിക്കാം. കൂടുതൽ വിവര ങ്ങൾക്ക് തൃശൂർ ജില്ലാ വ്യവസായ കേന്ദ്രമായോ താലൂക്ക് വ്യവസായ ഓഫീസുകളുമായോ ബ്ലോക്ക്/നഗരസഭ/കോർപ്പറേഷൻ വ്യവസായ വികസന ഓഫീസർമാരുമായോ ബന്ധപ്പെടുക. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് സെപ്റ്റംബർ എഴിനകം ജില്ലാ വ്യവസായ കേന്ദ്ര ത്തിൽ നൽകണമെന്ന് ജനറൽ മാനേജർ അറിയിച്ചു. ഫോൺ : 0487 2361945, 9744490573, 8281536282.

## തളിക്കുളത്ത് കുടുംബശ്രീ മാട്രിമോണിയൽ

തളിക്കുളം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീയുടെ മാട്രിമോണിയൽ ഗീത ഗോപി എംഎൽഎ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് നിവാസികളായ യുവതീയുവാക്കൾക്ക് അനുയോജ്യമായ വിവാഹ ബന്ധങ്ങൾ കണ്ടെത്താൻ മാട്രിമോണിയൽ സംരംഭം ഉപകരിക്കും. വനിതകൾക്ക് സൗജന്യമായും ഉന്നത ജോലിയുള്ള വനിതകൾക്കു നിശ്ചിത ഫീസ് ഈടാക്കിയും പുരുഷന്മാർക്ക് വിദ്യാഭ്യാസത്തിനനുസരിച്ചും ഫീസ് ഈടാക്കി രജിസ്റ്റർ ചെയ്യാം. ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ പഞ്ചായത്ത് പ്രസിഡന്റ് പി ഐ സജിത അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ. സുഭാഷിണി മഹാദേവൻ, കുടുംബശ്രീ ചെയർപേഴ്സൺ അജന്ത ശിവരാമൻ, വൈസ് പ്രസിഡന്റ് എം കെ വേണു എന്നിവർ സംസാരിച്ചു.

## സംഘാടക സമിതി യോഗം ഇന്ന്

തൃശൂർ ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവത്തിന്റെ സംഘാടക സമിതി യോഗം ഇന്ന് (സെപ്റ്റംബർ 4) രാവിലെ 11 ന് ജില്ലാ പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ ചേരും.

## ധനസഹായം: അപേക്ഷ ക്ഷണിച്ചു

വനിതാശിശു വികസന വകുപ്പ് വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാ ഭ്യാസ ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾ അങ്കണവാടികളിലോ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഐസിഡിഎസ് ഓഫീസുകളിൽ നിന്നോ അറിയാം. അപേക്ഷ സെപ്റ്റംബർ 16 നകം ഐസിഡിഎസ് ഓഫീസിൽ നൽകണം. ഫോൺ: 0487-2321689.

## പരമൻപാടം റോഡ് ഉദ്ഘാടനം 5 ന്

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് അഞ്ചിൽ മുരളി പെരുനെല്ലി എംഎൽഎയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പരമൻപാടം റോഡിന്റെ ഉദ്ഘാടനം മുരളി പെരു നെല്ലി എംഎൽഎ നിർവഹിക്കും. സെപ്റ്റംബർ അഞ്ച് രാവിലെ ഒൻപതിന് അയ്യപ്പൻകാവ് പരിസ രത്താണ് പരിപാടി. 20 ലക്ഷം രൂപ അടങ്കൽ തുകയായി 300 മീറ്റർ നീളത്തിലാണ് റോഡ് കോൺക്രീറ്റ് പൂർത്തീകരിച്ചത്. അരിമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സുജാത മോഹൻദാസ്

അദ്ധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്തംഗങ്ങളായ സിജി മോഹൻദാസ്, അജിത കൃഷ്ണൻ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ കെ എൽ ജോസ്, ഷീബ മനോഹരൻ, സിന്ധു സഹദേവൻ, ടി ആർ അരവിന്ദാക്ഷൻ, ശോഭ ഷാജി തുടങ്ങിയവർ ആശംസ നേരും. അരിമ്പൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ സി സതീഷ് സ്വാഗതവും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി സത്യൻ നന്ദിയും പറയും.

## യോഗം 5 ന്

ആർമി റിക്രൂട്ട്മെന്റ് റാലിയുമായി ബന്ധപ്പെട്ട യോഗം സെപ്റ്റംബർ അഞ്ച് വൈകീട്ട് മൂന്നിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേരും.

## കുടുംബശ്രീ സിഡിഎസ് ഓണം വിപണന മേള ആരംഭിച്ചു

മുരിയാട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സിഡിഎസ് ഓണം വിപണന മേള തുടങ്ങി. പ്രൊഫ കെ യു അരുണൻ എംഎൽഎ വിപണന മേള ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ടി ജി ശങ്കരനാരായണൻ മുഖ്യാതിഥിയായി . മുരിയാട് ഇന്ത്യൻ ഓവർസീസ് ബാങ്ക് മാനേജർ വിജയൻ ആദ്യ വില്പന നടത്തി. സർവീസ് സഹകരണ സംഘം സെക്രട്ടറി എം ആർ അനിയൻ ആദ്യ വിൽപ്പന ഏറ്റുവാങ്ങി. സെപ്റ്റംബർ 3 മുതൽ 9 ഓണംഫെയർ ഉണ്ടായിരിക്കും. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് അംഗം നളിനി ബാലകൃഷ്ണൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാജു വെളിയത്ത്, പഞ്ചായത്ത് മെമ്പർ സെക്രട്ടറി എം ശാലിനി തുടങ്ങിയവർ പങ്കെടുത്തു.

## ഉണർവ് 2019 ഉദ്ഘാടനം ഇന്ന്

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ ശരണ്യ, കൈവല്യ, കെസ്റു, മൾട്ടിപ്പർപ്പസ് സ്വയം തൊഴിൽ സംരംഭകരുടെ ഉൽപന്ന പ്രദർശന-വിപണനമേള ഉണർവ് 2019 സംഘടിപ്പിക്കുന്നു. മേയർ അജിത വിജയൻ ഇന്ന് (സെപ്റ്റംബർ 4) രാവിലെ 11 ന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അങ്കണത്തിൽ മേള ഉദ്ഘാടനം ചെയ്യും. കോർപ്പറേഷൻ കൗൺസിലർ കെ മഹേഷ് അധ്യക്ഷത വഹിക്കും. തൃശൂർ താലൂക്ക് തഹസിൽദാർ ഐ എ സുരേഷ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതുരാജ്, ആർഎസ്ഇടിഐ ഡയറക്ടർ രാജേന്ദ്രപ്രസാദ്, എംപ്ലോയ്മെന്റ് ഓഫീസർമാരായ വി എം ഹംസ, എൻ ബി ശശികുമാർ തുടങ്ങിയവർ ആശംസ നേരും. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എ എസ് അലാവുദ്ദീൻ സ്വാഗതവും എംപ്ലോയ്മെന്റ് ഓഫീസർ എം ജയശ്രീ ബീന നന്ദിയും പറയും.

## പി വെമ്പല്ലൂർ എംഐടി യുപി സ്കൂൾ സ്മാർട്ടായി

ശ്രീനാരായണപുരം പടിഞ്ഞാറേ വെമ്പല്ലൂർ എംഐടി യുപി സ്കൂൾ സ്മാർട്ട് സ്കൂളായി. ഇ.ടി.ടൈസൺ മാസ്റ്റർ എംഎൽഎ വീഡിയോ കോൺഫറൻസ് വഴി ഹൈടെക് ക്ളാസ് മുറി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജയ സുനിൽരാജ് പദ്ധതി ഹൈടെക് പ്രഖ്യാപനം നടത്തി. പി.ടി.എ പ്രസിഡന്റ് എൻ.ആർ. രമേഷ് ബാബു അധ്യക്ഷത വഹിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയ ഫിദ ഫാത്തിമ, ചിത്രരചന പുരസ്കാരം നേടിയ അഭിനയ് കൃഷ്ണ എന്നിവരെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എം.വി ദിനേശൻ അനുമോദിച്ചു. സ്കൂൾ പ്രിൻസിപ്പൽ കെ.ആർ. ലത, മാനേജർ സെയ്ദ്, പഞ്ചായത്ത് വാർഡംഗം ഷൈബി ദിനകരൻ എന്നിവർ പങ്കെടുത്തു.

# മീഡിയ അക്കാദമി:
# സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 6 ന്

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിലെ ജേർണലിസം ആൻഡ് കമ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിങ്, ടെലിവിഷൻ ജേർണലിസം ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ ആറിന് രാവിലെ 10 ന് നടത്തും. അക്കാദമിയുടെ എറണാകുളം കാക്കനാട്ടുള്ള കാമ്പസിൽ വച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷന് അപേക്ഷ അയച്ച് പ്രവേശനപരീക്ഷ എഴുതാൻ കഴിയാതിരുന്നവർക്കുംപുതിയതായി അപേക്ഷിക്കുന്നവർക്കും പങ്കെടുക്കാം.

പ്രായപരിധി 35 വയസ്സ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് രണ്ടുവർഷത്തെ വയസ്സിളവുണ്ട്. ബിരുദമാണ് യോഗ്യത. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം അക്കാദമി ഓഫീസിൽ എത്തണം. ജനറൽ വിഭാഗത്തിന് അപേക്ഷാഫീസ് 300 രൂപ, എസ്.സി-എസ്.ടി, ഒ.ഇ.സി വിഭാഗങ്ങൾക്ക് 150 രൂപ. അഡ്മിഷൻ ഉറപ്പാകുന്നവർ ഫീസിന്റെ അഡ്വാൻസ് തുകയായ 2000 രൂപ അടയ്ക്കാൻ തയ്യാറായി വരേണ്ടതാണ്. ഫോൺ: 0484-2422275, 2422068, 9868105355.

# ആധുനിക തലമുറക്ക് വേണ്ടത് നിർമ്മിതബുദ്ധിക്കപ്പുറമുള്ള വിവേചനബുദ്ധി: വെങ്കിടേഷ് രാമകൃഷ്ണൻ

നവസാങ്കേതികവിദ്യയായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിതബുദ്ധിക്കപ്പുറമുള്ള വിവേചനബുദ്ധിയാണ് പുതുതലമുറയ്ക്ക് വേണ്ടതെന്ന് പ്രമുഖ മാധ്യമപ്രവർത്തകനും ഫ്രണ്ട്ലൈൻ ഡൽഹി ബ്യൂറോ ചീഫുമായ വെങ്കിടേഷ് രാമകൃഷ്ണൻ പറഞ്ഞു. കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിൽ ബിരുദാനന്തരബിരുദ ഡിപ്ലോമ കോഴ്സുകളുടെ പ്രവേശനോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമ്മിത ബുദ്ധി തൊഴിൽമേഖലയിൽ വെല്ലുവിളികൾ തീർക്കുന്നുണ്ട്. വിവേചനബുദ്ധിയാണ് പുതിയ വെല്ലുവിളികൾ നേരിടാൻ ആവശ്യം. ജ്ഞാനവും വിജ്ഞാനവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞ് വിശദാംശങ്ങൾ തേടാനുള്ള മനസ്സുണ്ടാവുക എന്നതാണ് പ്രധാനം. വെങ്കിടേഷ് രാമകൃഷ്ണൻ പറഞ്ഞു.

ജനവിരുദ്ധവും ഉത്തരവാദിത്തരഹിതവുമായ മാധ്യമപ്രവർത്തനം നടക്കുന്നുണ്ട്. അന്തസ്സിനും അന്തസ്സില്ലായ്മയ്ക്കും ഇടയിലുള്ള അതിർവരമ്പ് തിരിച്ചറിയാൻ മാധ്യമപ്രവർത്തകർക്ക് കഴിയണം. മാധ്യമസ്വാതന്ത്ര്യത്തിന് മൂക്കുകയറിടുക എന്നത് ആശാസ്യമല്ല. അഞ്ചുകോടി ജനങ്ങളിലേക്കെത്താൻ റേഡിയോ എന്ന മാധ്യമത്തിന് വേണ്ടിവന്നത് 35 വർഷമാണെങ്കിൽ ഇന്റർനെറ്റിന് വേണ്ടിവന്നത് 4 വർഷം. ഫേസ്ബുക്കിന് പത്തുകോടി ജനങ്ങളിലേക്കെത്താൻ വെറും ഒൻപതുമാസം മതിയായിരുന്നു എന്നോർമ്മപ്പെടുത്തിയ വെങ്കിടേഷ് 2020ലെത്തുമ്പോൾ 260 ബില്യൺ ആപ്പുകളാണ് ജനങ്ങളിലേക്കെത്തുക എന്നും അഭിപ്രായപ്പെട്ടു.

വാളുപോലെ മൂർച്ചയുള്ളതും അഗ്നിപോലെ സംഹാരാത്മകവുകമായ ശക്തമായ ആയുധമാണ് വാക്കെന്നും യഥോചിതമായി ഔചിത്യത്തോടെ വേണം വാക്കെടുത്ത് പ്രയോഗിക്കാനെന്നും അക്കാദമി സീനിയർ ഫാക്കൽറ്റി അംഗവും പ്രശസ്ത എഴുത്തുകാരിയുമായ ഡോ. എം. ലീലാവതി പറഞ്ഞു. വാക്കിനോളം ശക്തിയുണ്ട് ചിത്രങ്ങൾക്കും. ഹിരോഷിമയിലെ ബോംബുവർഷത്തിന്റെ വിനാശകരമായ ശക്തി ചൂണ്ടിക്കാട്ടുന്ന ദുരന്തചിത്രവും കേരളത്തിലെ ദുരന്തങ്ങളെ വെളിച്ചത്തുകൊണ്ടുവന്ന ചിത്രങ്ങളും ഉദാഹരങ്ങളാണെന്ന് ടീച്ചർ പറഞ്ഞു. വെല്ലുവിളികളെ സമൂഹത്തിന് പ്രയോജനപ്പെടുംവിധം ഏറ്റെടുക്കാനുള്ള സന്നദ്ധതയും അതിനായുള്ള പ്രയത്നവുമാണ് വേണ്ടതെന്നും ഡോ. എം. ലീലാവതി ആശംസാപ്രസംഗത്തിൽ പറഞ്ഞു.

അടിസ്ഥാനപരമായ മനുഷ്യന്റെ വികാരവിചാരധാരകളെ പ്രകടിപ്പിക്കാൻ മനുഷ്യസാമീപ്യം തന്നെ വേണമെന്ന് പ്രശസ്ത ഡബ്ബിംഗ് ആർട്ടിസ്റ്റും സാമൂഹ്യപ്രവർത്തകയുമായ ഭാഗ്യലക്ഷ്മി പറഞ്ഞു. മനുഷ്യൻ പ്രണയിക്കുന്നതുപോലെ റോബോർട്ടിന് പ്രണയിക്കാനാവില്ലെന്ന് പറഞ്ഞ ഭാഗ്യലക്ഷ്മി നിർമ്മിതബുദ്ധി മനുഷ്യബുദ്ധിക്ക് പകരമാവില്ലെന്ന് വാദിച്ചു. ചടങ്ങിൽ ആശംസയർപ്പിച്ചു സംസാരിക്കുകയായിരുന്നു അവർ.

കാശ്മീരിലെ മാധ്യമസ്വാതന്ത്ര്യത്തിനായിട്ടുള്ള കേസിൽ കക്ഷിചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് സദസ്സിൽ അധ്യക്ഷതവഹിച്ച കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു വ്യക്തമാക്കി. അഭിഭാഷകരുമായി ഇക്കാര്യത്തിൽ ആശയവിനിമയം നടത്തിവരികയാണെന്നും അദ്ദേഹം അറിയിച്ചു. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുമ്പോൾ തന്നെ മാനവീയ മൂല്യങ്ങൾ മനസ്സിലാക്കി സാമൂഹ്യബോധത്തോടെ വേണം മുന്നോട്ടുപോകാനെന്ന് വിദ്യാർത്ഥികളെ അദ്ദേഹം ഓർമ്മിപ്പിച്ചു.

പ്രമുഖ മാധ്യമപ്രവർത്തകനും അക്കാദമി ഭരണസമിതിയംഗവുമായ ദീപക് ധർമ്മടം ആശംസയർപ്പിച്ചു സംസാരിച്ചു. ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ കോഴ്സ് ഡയറക്ടർ ഡോ. എം. ശങ്കർ സ്വാഗതവും അക്കാദമി അസി. സെക്രട്ടറി പി.സി. സുരേഷ്കുമാർ നന്ദിയും പറഞ്ഞു. ജേർണലിസം, ടിവി ജേർണലിസം സീനിയർ ഫാക്കൽറ്റി അംഗങ്ങളായ കെ. ഹേമലത, കെ. അജിത്, പബ്ലിക് റിലേഷൻസ് ലക്ചറർ വിനീത വി.ജെ, വീഡിയോ എഡിറ്റിംഗ് ഇൻസ്ട്രക്ടർ എം.ജി. ബിജു എന്നിവർ സംസാരിച്ചു.

## തീയതി നീട്ടി

സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന പത്താം തരം, ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ തീയതി സെപ്റ്റംബർ 30 വരെ നീട്ടിയതായി ജില്ലാ കോർഡിനേറ്റർ അറിയിച്ചു. ഫോൺ: 0487-2365024.

## എന്യൂമറേറ്റർ നിയമനം

തൃശൂർ ജില്ലയിൽ മറൈൻ സർവെ ചെയ്യുന്നതിന് എന്യൂമറേറ്റർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ഫിഷറീസ് സയൻസിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തരബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം സെപ്റ്റംബർ ആറ് രാവിലെ 11 ന് തൃശൂർ പള്ളിക്കുളത്ത് പ്രവർത്തിക്കുന്ന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2441132.

## കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ഒഴിവ്

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ ജെൻഡർ റിസോഴ്സ് സെന്റർ, കമ്മ്യൂണിറ്റി സെന്റർ എന്നിവിടങ്ങളിൽ കൗൺസിലങ്ങ് നടത്തുന്നതിനും ഫീൽഡ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും കമ്മ്യൂണിറ്റി കൗൺസിലർ തസ്തികയിൽ നിയമനം നടത്തുന്നു. സോഷ്യൽ വർക്ക്, സൈക്കോളജി എന്നിവയിൽ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ള വനിതകൾ സെപ്റ്റംബർ 18 രാവിലെ 10 ന് തൃശൂർ പടിഞ്ഞാറെക്കോട്ടയിലെ പി വി ആർക്കേഡിലെ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ഡിഡിയുജികെവൈ മൈഗ്രേഷൻ സപ്പോർട്ടിങ് സെന്ററിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2362517.